**24U323S** (Pages: 2) Name: ..............................

Reg.No: ..............................

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2025**

(CBCSS - UG)

**CC19UMAL3B03 - നവീന മലയാള കവിത**

(Malayalam - Core Course)

(2019 to 2023 Admissions - Supplementary/Improvement)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. അന്യവത്കരണം എന്നാൽ എന്ത് ?
2. ”ചുണ്ടിലിക്കാണും പ്രകാശമാണായിരം-ചെണ്ടിൽ തെളിവതുഷസ്സുതോറും” -വിവക്ഷ എന്ത് ?
3. ”വിഷവാതമൂതാത്ത വിഷവാണികേൾക്കാത്ത വിഷനീർകുടിക്കാത്ത നാട് “- വിവക്ഷ എന്ത് ?
4. അടിയന്തിരാവസ്ഥയിലെ കവിതകളുടെ മുഖ്യ പ്രമേയം എന്തായിരുന്നു ?
5. വിപ്ലവാഭിമുഖ്യം പ്രകടിപ്പിക്കുന്ന ഏതെങ്കിലും രണ്ട് കവിതകളുടെ പേരെഴുതുക.
6. "ബംഗാളിന് കുറുകെ മൂന്നടിവച്ചു രാജാവിന്റെ തലയിൽ തൊഴിക്കാൻ ആഞ്ഞടുക്കുന്നത് ആരാണ്?" പുരാവൃത്ത സൂചനയിലൂടെ ധൃതരാഷ്ട്രർ ഭയക്കുന്നത് എന്താണ്?
7. "കുനിഞ്ഞു വീഴുന്നു - ണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും; ഉണർന്നിട്ടില്ലവ_ളൊരായിരം നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും വിവക്ഷിതമെന്ത്?
8. " കുഞ്ഞിനെ ഉണർത്തരുതേ എന്ന അഭ്യർത്ഥനയുമായി അതിനെ പെറ്റവളുടെ നീറ്റുന്ന മൗനം മുറി നിറഞ്ഞു നിന്നെങ്കിലും." സന്ദർഭമെന്ത്?
9. പെണ്ണെഴുത്ത് എന്ന പദം ആദ്യമായി പ്രയോഗിച്ചത് എവിടെയാണ് ?
10. ഫെമിനിസം എന്നാൽ എന്ത്?
11. "ലോകാഭിവാഞ്ജിതമീ വിളക്കെൻ നെടുവീർപ്പാൽക്കെടുകയോ"? സൂചിതമെന്ത്?
12. കൊട്ട കെട്ടാനുള്ള അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നത് എവിടെ നിന്ന് ?
13. ബാല്യത്തിലെ നിഷ്കളങ്കതയെ മോഹനകൃഷ്ണൻ കാലടി അവതരിപ്പിക്കുന്നത് എങ്ങനെ ?
14. മാർത്തോമാ നഗറിലെ പ്രതിമകൾ കാണുമ്പോൾ കവിയുടെ മനസ്സിൽ ഉണ്ടാക്കുന്ന ചിന്തകൾ എന്തെല്ലാം ?
15. ‘ഒരാൾക്ക് സ്വന്തം മേലിനോട് തോന്നുന്ന വെറുപ്പുപോലെ’- എന്തിനെക്കുറിച്ചാണ് കവി പറയുന്നത്?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. മലയാളത്തിൽ ആധുനികത രൂപപ്പെട്ടുവന്ന സാഹചര്യങ്ങൾ വിശദമാക്കുക.

17. നാഗരികതയുടെ പൊതുസ്വഭാവങ്ങൾ എന്തായിരുന്നു?

18. ഏതുദുർവിധിയുടെ മരുഭൂമിയിലും നീരുറവപ്പോലെ എന്റെ ശാന്ത കാത്തിരിപ്പുണ്ട് – ഇങ്ങനെ കവി ചിന്തിക്കാൻ കാരണമെന്ത്?

19. ആക്ഷേപ സാഹിത്യത്തിന്റെ തീവ്രത' പോത്ത്" എന്ന കവിതയിൽ അനുഭവവേദ്യമാകുന്നതെങ്ങനെ?

20. ബാലാമണിയമ്മയുടെ ഗൗരവപരമായ രചനകളെ ലഘൂകരിച്ച് മാതൃത്വത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുക്കി നിർത്തിയിരിക്കുകയാണ് മലയാള സാഹിത്യം - സമർത്ഥിക്കുക.

21. തന്റെ പെൺകുഞ്ഞിന്റെ ദുർവിധിയെക്കുറിച്ചുള്ള അമ്മയുടെ ആവലാതികൾ എന്തെല്ലാം?

22. മരിച്ചവൻന്റെ പോസ്റ്റ് മോർട്ടമോ ശവദാഹമോ കഴിഞ്ഞിരിക്കാം കവി ഇങ്ങനെ ചിന്തിക്കാനിടയായ സന്ദർഭമെന്ത്?

23. നടപ്പുകാലത്തിന്നയാളങ്ങളീ നരർക്ക് നാമതിൽക്കവിഞ്ഞൊരർത്ഥമോ - ആശയം വിശദീകരിക്കുക.

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. പുരാവൃത്തങ്ങളുടെ പുനരുപയോഗം 'ബംഗാൾ 'എന്ന കവിതയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത് എങ്ങനെ ? പരിശോധിക്കുക.

25. മൃഗശിക്ഷകൻ എന്ന കവിത ഒരു സ്ത്രീപക്ഷകവിത രചനയാണ് – വിലയിരുത്തുക.

26. സമകാലികാവസ്ഥയിലും സ്ത്രീജീവിതം മാറ്റത്തിന് വിധേയമല്ല എന്ന് സൂചിപ്പിക്കുകയാണ് അടുക്കളയില്ലാത്തവീട് എന്ന കവിത – സമർത്ഥിക്കുക.

27. ആത്മാനുഭൂതിപരമായ ഒന്നുമില്ലായ്മയുടെ കവിതയായി കനം മാറുന്നതെപ്പോൾ? സമർത്ഥിക്കുക.

**(2 × 10 = 20 Marks)**

*******